## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2514 01.04.2013 -ൽ മറുപടിക്ക്.

### സെക്യൂരിറ്റി തൊഴിലാളികൾക്ക് മിനിമം കൂലി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സെക്യൂരിറ്റി തൊഴിലാളികൾക്ക് മിനിമംകൂലി നിയമം പ്രാബല്യത്തിൽ വന്നത് എന്നാണെന്ന് അറിയിക്കാമോ; | (എ) 26.07.2010 മുതലാണ് സെക്യൂരിറ്റി ജീവനക്കാർക്ക് മിനിമം വേതനം ബാധകമാക്കിയിട്ടുള്ളത്. |
| (ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽപോലും ഇവർക്ക് മിനിമംകൂലി നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) മിനിമംകൂലി നൽകാത്ത സ്ഥാപനങ്ങളിൽ ആയത് നൽകുവാൻ സമയബന്ധിതമായി നടപടി സ്വീകരിക്കുമോ; | (സി) പൊതുമേഖലാ സ്ഥാപനങ്ങളിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുമ്പോൾ അവർക്ക് മിനിമം വേതനം ലഭ്യമാക്കണം എന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ മാത്രമേ കോൺട്രാക്ടർമാരിൽ നിന്ന് ഇവരെ നിയമിക്കാവൂ എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) കേന്ദ്ര സെക്യൂരിറ്റി ആക്ട് 2005 കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നടപ്പിലാക്കാത്തത് എന്ന് അറിയിക്കാമോ; | (ഡി) ഉണ്ട്. |
| (ഇ) ഈ നിയമം നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ഇ) ബാധകമല്ല. |

സെക്ഷൻ ആഫീസർ.